(ഡി) കടലാക്രമണം തടയുന്നതിനായി ഇതുവരെ 360.78 കിലോമീറ്റർ ദൂരം കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. ഇപ്പോൾ നടന്നുവരുന്ന കടൽഭിത്തി നിർമ്മാണം ഒഴിച്ച് ഇനി 86.00 കിലോമീറ്റർ ദൂരം കടൽഭിത്തികൂടി നിർമ്മിക്കാനുണ്ട്. ഇതിലേയ്ക്കായി 140.00 കോടി രൂപ ചെലവ് വരും.

(ഇ) 1996 ജനുവരി മാസത്തിൽ 126.288 കിലോമീറ്റർ നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മാണത്തിനും 99.958 കിലോമീറ്റർ നീളത്തിൽ പഴയ കടൽഭിത്തിയുടെ പുനർനിർമ്മാണത്തിനുമായി 346.50 കോടി രൂപ മതിപ്പുചെലവ് വരുന്ന ഒരു പദ്ധതി റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് സെൻട്രൽ വാട്ടർ കമ്മീഷൻ അവരുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പുതുക്കി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടതിനുസരിച്ച് 1999 വർഷംവരെ നിർമ്മിച്ച കടൽഭിത്തിയുടെ നീളം കഴിച്ച് ബാക്കി നിർമ്മിക്കുവാനുള്ള 86 കിലോമീറ്റർ പുതിയ കടൽഭിത്തിയുടെ നിർമ്മാണത്തിനും, 37 കിലോമീറ്റർ ദൂരം പഴയ കടൽഭിത്തിയുടെ പുനർനിർമ്മാണത്തിനും നിലവിലുള്ള കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾക്കുമായി 304 കോടി രൂപ മതിപ്പുചെലവ് വരുന്ന ഒരു പദ്ധതി റിപ്പോർട്ട് കേന്ദ്രസഹായം ലഭിക്കുന്നതിനായി 01-10-1999-ൽ സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരവും, കേന്ദ്രസഹായവും ലഭ്യമാകുന്ന മുറയ്ക്ക് ഈ 86 കിലോമീറ്റർ ദൂരം കടൽഭിത്തിയും നിർമ്മിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീകാര്യം, ഉള്ളൂർ ഗ്രാമപഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം

22(925) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസാന്ദ്രതയേറിയതും കഴക്കൂട്ടം, തിരുവനന്തപുരം നോർത്ത് നിയോജകമണ്ഡലങ്ങളിൽപ്പെട്ടതും ശ്രീകാര്യം, ഉള്ളൂർ പഞ്ചായത്തുകളിൽ ഉൾപ്പെടുന്നതുമായ ചെക്കാലമുക്ക്, കരിയം, പൗഡിക്കോണം പ്രദേശങ്ങളിൽ ഇപ്പോൾ ആഴ്ചയിൽ രണ്ട് ദിവസം മാത്രം കുടിവെള്ളം ലഭിക്കുന്നതിനാൽ നാട്ടുകാർ അനുഭവിക്കുന്ന ക്ലേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മുൻകാലങ്ങളിൽ ചെയ്തിരുന്നതുപോലെ ശ്രീകാര്യം ലയോള കോളേജിന് സമീപമുള്ള ജലസംഭരണിയിൽ നിന്നും പ്രസ്തുത പ്രദേശങ്ങളിലേക്ക് ശുദ്ധജലവിതരണം നടത്തുവാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലയോള സ്കൂൾ കാംപസിലെ ജലസംഭരണിയിൽ നിന്നോ, മൺവിളയിൽ പണി പൂർത്തിയായി വരുന്ന ജലസംഭരണിയിൽ നിന്നോ എല്ലാ ദിവസവും ശുദ്ധജലവിതരണം നടത്തുവാൻ നടപടി എടുത്തുവരുന്നു. ഏപ്രിൽ മാസത്തോടെ ഇത് നടപ്പിലാക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly